# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 110 — 08.02.2013ൽ മറുപടിയ്ക്ക്

### സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതര പ്രതിസന്ധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ നിരവധി സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴും സംസ്ഥാനത്തു നിന്നും ആയിരക്കണക്കിനു വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് അഡ്മിഷൻ വാങ്ങി പോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എൻജിനീയറിംഗ് പ്രവേശനം ലഭിയ്ക്കുന്നതിന് കണക്കിന് 50% മാർക്ക് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ 40% മാർക്കുള്ളവർക്കും പ്രവേശനം ലഭിയ്ക്കും. കൂടാതെ വ്യക്തിപരവും, പ്രാദേശികവുമായ കാരണങ്ങളാലും വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് അഡ്മിഷൻ വാങ്ങി പോകാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ ആധുനിക വത്കരണത്തിന് പ്രധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; വിശദമാക്കമോ ;<br><br>(ഡി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) | എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ ആധുനിക വത്കരണത്തിന് പ്രധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന വേണ്ടി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാപന മേധാവികളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി 11-01-2013-ലെ G.O.(Rt) No.44/13/H.Edn, 31-01-2013-ലെ G.O.(Rt) No.140/13/H.Edn. എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 31-01-2012-ലെ G.O.(Rt) No.217/12/H.Edn, 18-05-2012-ലെ G.O.(Rt) No.914/12/H.Edn, 19-12-2012-ലെ G.O.(Rt) No.2702/12/H.Edn, എന്നീ ഉത്തരവുകൾ പ്രകാരവും സ്വാശ്രയ മേഖലയിലെ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (പ്രതിപാദ്യ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |

നുബന്ധം [illegible] ലഭ്യമാണ്

സെക്ഷൻ ഓഫീസർ